# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1362 — 31/10/2019-ൽ മറുപടിക്ക്

## മുല്ലശ്ശേരി എ.ഇ.ഒ. ഓഫീസ്

| ചോദ്യം<br>**ശ്രീ.മുരളി പെരുനെല്ലി** | മറുപടി<br>**പ്രൊഫ.സി.രവീന്ദ്രനാഥ്**<br>(ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| എ) തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ഉപജില്ല വിദ്യാഭ്യാസ ഓഫീസ് സൂപ്രണ്ടിനെ സംബന്ധിച്ച് അധ്യാപക സംഘടനാ പ്രതിനിധികൾ സമർപ്പിച്ച നിവേദനത്തിന്മേൽ പൊതു വിദ്യാഭ്യാസ മന്ത്രിയുടെ 3-9-2019 ലെ 1715/2019/വി.ഐ.പി/M(EDN)) നമ്പർ ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | എ) തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ആഫീസ് സൂപ്രണ്ടിനെ സംബന്ധിച്ച് അദ്ധ്യാപക സംഘടന പ്രതിനിധികൾ സമർപ്പിച്ച പരാതിയിൽ വിശദമായ അന്വേഷണം നടത്തി ആവശ്യമായ തുടർ നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. തുടർന്ന് തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടർ അന്വേഷണം നടത്തി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സീനിയർ സൂപ്രണ്ട് ശ്രീ. ജസ്റ്റിൻ. സി. ഫ്രാൻസിസിനെ തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലേക്ക് സ്ഥലം മാറ്റി പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവായിട്ടുണ്ട്. |
| ബി) മുല്ലശ്ശേരി ഗ്രാമ പഞ്ചായത്ത് സൗകര്യം ഏർപ്പെടുത്തിയിട്ടുള്ള പഞ്ചായത്ത് വക പഴയ കെട്ടിടത്തിലേക്ക് നിലവിലെ എ.ഇ.ഒ. ഓഫീസ് മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇവിടേക്ക് പ്രസ്തുത ഓഫീസ് മാറ്റുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | ബി) മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് വക പഴയ കെട്ടിടം നിലവിൽ സുരക്ഷിതമല്ലാത്തതിനാലും, കാലപ്പഴക്കമുള്ളതിനാലും അറ്റകുറ്റപ്പണികൾ നടത്തി പൂർണ്ണ സജ്ജമാക്കിയാൽ മാത്രമേ ടി കെട്ടിടത്തിലേക്ക് ഉപജില്ലാ വിദ്യാഭ്യാസ ആഫീസ് മാറ്റുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ